# കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ പരിഗണിക്കുന്ന 217 സ്കൂളുകളിൽ പദ്ധതി നിർവ്വഹണത്തിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി KITE-നെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

**സ.ഉ. (സാധാ) നം. 4004/2017/പൊ.വി.വ.** **തിരുവനന്തപുരം, തീയതി : 30/10/2017**

പരാമർശം : 1) 07.11.2016-ലെ സ.ഉ.(അച്ചടി) നം. 186/2016/പൊ.വി.വ.
2) 20.05.2017-ലെ സ.ഉ.(സാധാ) നം. 1456/2017/പൊ.വി.വ.
3) 22.05.2017-ലെ സ.ഉ.(സാധാ) നം. 1487/2017/പൊ.വി.വ.

## ഉത്തരവ്

പരാമർശം (2) ഉത്തരവ് പ്രകാരം മികവിന്റെ കേന്ദ്രങ്ങളായി ആദ്യഘട്ടത്തിൽ ഉയർത്തപ്പെടുന്ന സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കൈറ്റിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

2017-18 ബജറ്റ് പ്രസംഗത്തിൽ ഭൗതിക സാഹചര്യ വികസനത്തിനുവേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ പരിഗണിക്കുന്നതിനായി 217 സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം ഭൗതിക സാഹചര്യ വികസനത്തിനായി പരിഗണിച്ചിട്ടുള്ള 217 സ്കൂളുകളിൽ പദ്ധതി നിർവ്വഹണത്തിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കൈറ്റിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു. പ്രസ്തുത സ്കൂളുകളുടെ പദ്ധതി നിർവ്വണത്തിനുള്ള സർക്കാർ ധനസഹായം കിഫ്ബി മുഖേന ആയിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എസ്.കൃഷ്ണകുമാർ**
**അഡീഷണൽ സെക്രട്ടറി**

അഡിഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
മിഷൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, KITE
മാനേജിംഗ് ഡയറക്ടർ, കിറ്റ്കോ, കൊച്ചി.
ധനകാര്യവകുപ്പ്
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ